# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടത്തിന് തുടക്കമായി. ഇരു സഭകളിലും നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു.

   Second part of Budget Session of Parliament started today. Proceedings progress in both the houses.

2. ക്ഷേമനിധി ബോർഡ് പെൻഷൻ കുടിശിക വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. സംസ്ഥാനത്തെ പതിനഞ്ചോളം ക്ഷേമനിധി ബോർഡുകൾ ഗുരുതര പ്രതിസന്ധിയിലെന്ന് പ്രതിപക്ഷം.

   Opposition walkout in Kerala Assembly over pending payments in welfare board pensions. Around 15 Welfare Boards in Kerala facing big crisis, says opposition.

3. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിന് നാളെ തുടക്കം.

   Prime Minister Narendra Modi will embark on a two day visit to Mauritius tomorrow.

4. രാജ്യത്തെ 58-ാമത് കടുവ സംരക്ഷണ കേന്ദ്രമായ, മാധവ് ദേശീയോദ്യാനം ഇന്ന് മുതൽ പ്രവർത്തനം ആരംഭിക്കും

Madhya Pradesh to get its 9th Tiger Reserve with inauguration of Madhav National Park today.

5. ചാമ്പ്യൻസ് ട്രോഫി കിരീടം സ്വന്തമാക്കിയ ഇന്ത്യൻ ടീമിന് അഭിനന്ദന പ്രവാഹം. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്സി, മൊഹമ്മദൻ എസ് സിയെ നേരിടും

Prominent leaders congratulate Indian cricket team for clinching the trophy in Champions Trophy cricket. In ISL, Panjab will take on Mohammedan SC today.

*******************************

## PARLIAMENT–BUDGET SESSION

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടത്തിന് ഇന്ന് തുടക്കമായി. ലോക്സഭയിലും രാജ്യസഭയിലും നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. പി.എം ശ്രീ പദ്ധതി തമിഴ്നാട്ടിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഡി.എം.കെ പ്രതിഷേധത്തെ തുടർന്ന് ലോക്സഭയിൽ നടപടികൾ അര മണിക്കൂറോളം നിർത്തി വച്ചിരുന്നു. രാഷ്ട്രപതി ഭരണം തുടരുന്ന മണിപ്പൂരിൻറെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് സഭയിൽ അവതരിപ്പിക്കും. ഏപ്രിൽ നാല് വരെ നീണ്ടുനിൽക്കുന്ന രണ്ടാംഘട്ട സമ്മേളനത്തിൽ 20 ദിവസമാണ് സഭ കൂടിച്ചേരുക. 2025-26 വർഷത്തെ ധനാഭ്യർഥന, ധനവിനയോഗ ബിൽ എന്നിവയിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും സമ്മേളനത്തിൽ നടക്കും. . ബാങ്കിങ് നിയമ (ഭേദഗതി) ബിൽ, റെയിൽവേ (ഭേദഗതി) ബിൽ അടക്കമുള്ള സുപ്രധാന ബില്ലുകളും പാർലമെൻറ് പരിഗണിക്കും.

*******************************

## ASSEMBLY WALKOUT

സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും മാസങ്ങളായി കുടിശികയായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് നിയമസഭയിൽ പ്രതിപക്ഷം. എം. വിൻസന്റ് നൽകിയ ഉപക്ഷേപ നോട്ടീസിന് സ്പീക്കർ അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്നും വാക്ക്-ഔട്ട് ചെയ്തു. 11 ക്ഷേമനിധി ബോർഡുകളിലായി 2011 കോടി രൂപ കുടിശിക ഉണ്ടെന്നും, അടിസ്ഥാന വർഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ മുന്നോട്ട് വരണമെന്നും എം. വിൻസന്റ് ആവശ്യപ്പെട്ടു. സംസ്ഥാനത്തെ 31 ക്ഷേമനിധി ബോർഡുകളിൽ പതിനഞ്ചോളം എണ്ണം ഗുരുതരമായ പ്രതിസന്ധിയിലാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. എന്നാൽ ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെയുള്ള ക്ഷേമ നിധി ബോർഡ് അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സർക്കാർ യഥാസമയം വിതരണം ചെയ്യുന്നുണ്ട് എന്ന് തൊഴിൽ മന്ത്രിക്ക് വേണ്ടി മന്ത്രി കെ എൻ ബാലഗോപാൽ മറുപടി നൽകി. 2024 ഏപ്രിൽ മുതൽ കഴിഞ്ഞ മാസം വരെ പെൻഷൻ വിതരണം ഉറപ്പാക്കിയിട്ടുണ്ട്. മൂന്ന് ഗഡുക്കൾ കൊടുക്കാനുള്ളത് ഈ സാമ്പത്തിക വർഷം തന്നെ നൽകുമെന്നും മന്ത്രി പറഞ്ഞു.

*****************************************

## ASSEMBLY – SASEENDRAN (INTRO)

സംസ്ഥാനത്തെ വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് പത്തിന കർമ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. വന്യജീവി ആക്രമണങ്ങൾ നേരിടാൻ വനമേഖലയിൽ താമസിക്കുന്ന ആദിവാസി വിഭാഗത്തിന് പ്രഥമ പരിഗണന നൽകുമെന്നും അദ്ദേഹം നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു. മലപ്പുറം മമ്പാട് ഇളമ്പുഴ ഭാഗത്ത് ഇറങ്ങിയ പുലിയെ പിടിക്കാൻ നിർദേശം നൽകിയതായും മന്ത്രി അറിയിച്ചു.

(വോയിസ്)

കണ്ണൂർ ആറളം ഫാമിൽ വന്യജീവികളെ തുരത്താൻ സ്വീകരിച്ച മാതൃക മറ്റ് ഇടങ്ങളിലും നടപ്പാക്കുമെന്നും വനം മന്ത്രി പറഞ്ഞു.

*****************************

## DRUG ABUSE: GOVERNOR

സംസ്ഥാനത്തെ ലഹരി വ്യാപനവുമായി ബന്ധപ്പെട്ട് ഡിജിപിയോട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ റിപ്പോർട്ട് തേടി. കോളേജ് ക്യാമ്പസുകളിലെ ലഹരിവ്യാപനവുമായി ബന്ധപ്പെട്ട് വൈസ് ചാൻസലർമാരുടെ യോഗം ചേരാനിരിക്കെയാണ് ഗവർണറുടെ നിർദേശം.

*****************************

## PM MAURITIUS VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിന് നാളെ തുടക്കം. മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയാകും. ഇന്ത്യയുടെ സഹായത്തോടെ നിർമ്മിച്ച വിവിധ പദ്ധതികളുടെ ഉദ്ഘാടനവും മൗറീഷ്യസ് പ്രധാനമന്ത്രിയ്ക്കൊപ്പം ശ്രീ മോദി നിർവഹിക്കും. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തെ കൂടുതൽ ശക്തമാക്കാൻ പ്രധാനമന്ത്രിയുടെ സന്ദർശനം സഹായിക്കുമെന്ന് മൗറീഷ്യസിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ അനുരാഗ് ശ്രീവാസ്തവ പറഞ്ഞു.

(ഹോൾഡ് വോയിസ്)

മൗറീഷ്യസ് പ്രസിഡൻറുമായും, പ്രധാനമന്ത്രിയുമായും ഉഭയകക്ഷി കൂടിക്കാഴ്ച നടത്തുന്ന ശ്രീ.മോദി, രാജ്യത്തെ ഇന്ത്യൻ സമൂഹവുമായും സംവദിക്കും.

*****************************

## PRESIDENT-HARYANA VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ് സന്ദർശനത്തിന് ഇന്ന് തുടക്കം. ഹരിയാനയിലെ ഹിസാർ ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ആദ്യദിനത്തിൽ പങ്കെടുക്കും. ബ്രഹ്മകുമാരീസിൻറെ ആത്മീയ പരിപാടിയിലും ശ്രീമതി മുർമു സംബന്ധിക്കും. പഞ്ചാബിലെ കേന്ദ്ര സർവകലാശാലയുടെയും, ബട്ടിണ്ടയിലെ എയിംസിൻറെയും ബിരുദദാന ചടങ്ങുകളിൽ രാഷ്ട്രപതി രണ്ടാം ദിവസം പങ്കെടുക്കും. ചണ്ഡിഗഢിൽ, പഞ്ചാബ് സർവകലാശാലയുടെ ബിരുദദാന ചടങ്ങിലും രാഷ്ട്രപതി മുഖ്യാതിഥിയാകും.

*******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*******************************

## MADHAV NATIONAL PARK

മധ്യപ്രദേശിലെ ഒൻപതാമത്തെ കടുവ സംരക്ഷണ കേന്ദ്രമായ, മാധവ് ദേശീയോദ്യാനം ഇന്ന് മുതൽ പ്രവർത്തനം ആരംഭിക്കും. മുഖ്യമന്ത്രി മോഹൻ യാദവ് ഉദ്ഘാടനം നിർവഹിക്കും. 37,000 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്ന മാധവ് ദേശീയോദ്യാനം രാജ്യത്തെ 58 മത് കടുവ സംരക്ഷണ കേന്ദ്രമാണ്.

*******************************

## J AND K - HOME SECY

ജമ്മു കാശ്മീരിലെ സുരക്ഷാ സാഹചര്യം അവലോകനം ചെയ്യുന്നതിന് കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻറെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്നു. കേന്ദ്ര സായുധ സേന, ജമ്മു കാശ്മീർ

പോലീസ്, മറ്റ് സുരക്ഷാ ഏജൻസികൾ എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. ജമ്മു കാശ്മീരിലെ നിലവിലെ സ്ഥിതിഗതികൾ മുതിർന്ന ഉദ്യോഗസ്ഥർ കേന്ദ്ര ആഭ്യന്തര സെക്രട്ടറിയെ അറിയിച്ചു. അമർനാഥ് യാത്ര, കാശ്മീർ -കന്യാകുമാരി റെയിൽ സർവീസ് സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട സുരക്ഷാ നടപടികളും യോഗം വിലയിരുത്തി.

*******************************

## NEW ZEALAND PM VISIT

ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൻ അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 16 ന് ഇന്ത്യയിലെത്തും. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും, പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇന്ത്യ-ന്യൂസിലാൻഡ് ബന്ധത്തിൻറെ വിവിധ വശങ്ങൾ നേതാക്കൾ ചർച്ച ചെയ്യും. 10-ാമത് റെയ്സിന സംഭാഷണത്തിൻറെ ഉദ്ഘാടന ചടങ്ങിൽ ക്രിസ്റ്റഫർ ലക്സൻ മുഖ്യാതിഥിയായി പങ്കെടുക്കും.

*******************************

## TELANGANA – TUNNEL RESCUE

തെലങ്കാനയിൽ ടണലിൽ കുടുങ്ങിയ ഒരാളുടെ മൃതദേഹം കണ്ടെത്തി. പഞ്ചാബ് സ്വദേശി ഗുർപ്രീത് സിങ്ങിൻറെ മൃതദേഹമാണ് 16 ദിവസത്തിന് ശേഷം കണ്ടെടുത്തത്. ഇദ്ദേഹത്തിൻറെ കുടുംബത്തിന് 25 ലക്ഷം രൂപ സഹായധനം നൽകുമെന്ന് തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി അറിയിച്ചു.

*******************************

## CHAMPIONS TROPHY

ചാമ്പ്യൻസ് ട്രോഫി കിരീടം സ്വന്തമാക്കിയ ഇന്ത്യൻ ടീമിന് അഭിനന്ദന പ്രവാഹം. ഇന്നലെ നടന്ന ഫൈനലിൽ ന്യൂസിലൻഡിനെ നാല്

വിക്കറ്റിന് തോൽപ്പിച്ചാണ് ഇന്ത്യ ചാമ്പ്യന്മാരായത്. 252 റൺസ് വിജയ ലക്ഷ്യം പിന്തുടർന്ന ഇന്ത്യ ആറ് പന്തുകൾ ശേഷിക്കെ, ജയം നേടുകയായിരുന്നു. രോഹിത് ശർമ്മയാണ് കളിയിലെ താരം. ഇന്ത്യയുടെ മൂന്നാം ചാമ്പ്യൻസ് ട്രോഫി കിരീടമാണിത്. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള നേതാക്കൾ അഭിനന്ദനം രേഖപ്പെടുത്തി. പാർലമെൻറിൻറെ ഇരുസഭകളിലും ഈ ഉജ്വല നേട്ടത്തിൽ ടീമിനെ അഭിനന്ദിച്ചു.

******************************

## ISL FOOTBALL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്സി മൊഹമ്മദൻ എസ് സിയെ നേരിടും. കൊൽക്കത്തയിൽ രാത്രി 7.30നാണ് മത്സരം.

******************************

## WPL CRICKET

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് മുംബൈ ഇന്ത്യൻസ്- ഗുജറാത്ത് ജയൻറ്സിനെ നേരിടും. രാത്രി 7:30 ന് മുംബൈയിലെ ബ്രാബോൺ സ്റ്റേഡിയത്തിലാണ് മത്സരം. ഡൽഹി ക്യാപിറ്റൽസിനൊപ്പം മുംബൈയും ഗുജറാത്തും പ്ലേഓഫിൽ സ്ഥാനം ഉറപ്പിച്ചുകഴിഞ്ഞെങ്കിലും ടൂർണമെന്റിലെ ആദ്യ ഫൈനലിസ്റ്റിനെ നിർണ്ണയിക്കാൻ ഇന്നത്തെ മത്സരം നിർണായകമാണ്.

******************************

## FUR. REV. VANUATU – LALIT MODI

ഐപിഎൽ ക്രമക്കേട് കേസിൽ ആരോപണവിധേയനായി ലണ്ടനിലേക്ക് കടന്ന മുൻ ഐപിഎൽ മേധാവി ലളിത് മോദിക്ക് നൽകിയ പാസ്പോർട്ട് റദ്ദാക്കുമെന്ന് ദക്ഷിണ പെസഫിക് ദ്വീപ് രാഷ്ട്രമായ വാനുആറ്റു. ലളിത് മോദിക്ക് വാനുആറ്റു പൗരത്വം

ലഭിച്ചതായ മാധ്യമ വാർത്തകൾ പുറത്തു വന്നതിന് പിന്നാലെയാണ് നടപടി. ലളിത് മോദിയെ രാജ്യത്തേക്ക് മടക്കിയെത്തിക്കാനുള്ള ശ്രമത്തിലാണ് ഇന്ത്യ. അതേസമയം, ഇന്ത്യൻ പാസ്പോർട്ട് മടക്കി നൽകാനുള്ള അപേക്ഷ ലളിത് മോദി കഴിഞ്ഞ ദിവസം ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷനിൽ സമർപ്പിച്ചിരുന്നു.

*******************************

## CANADA – NEW PM

ബാങ്ക് ഓഫ് കാനഡ മുൻ ഗവർണർ, മാർക്ക് കാർണി കാനഡയുടെ അടുത്ത പ്രധാനമന്ത്രിയാകും. ജസ്റ്റിൻ ട്രൂഡോ ജനുവരിയിൽ രാജി പ്രഖ്യാപിച്ചതിനെ തുടർന്നാണ് ലിബറൽ പാർട്ടി പുതിയ പ്രധാനമന്ത്രിയെ തിരഞ്ഞെടുത്തത്. അമേരിക്കയുമായുള്ള വ്യാപാര സംഘർഷം, ഫെഡറൽ തിരഞ്ഞെടുപ്പ് തുടങ്ങിയ സങ്കീർണ വിഷയങ്ങൾ കാനഡയ്ക്ക് മുന്നിൽ നിലനിൽക്കവേയാണ് പുതിയ പ്രധാനമന്ത്രിയുടെ സ്ഥാനാരോഹണം.

*******************************

## ULTRAVIOLET INDEX

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, പാലക്കാട് ജില്ലകളിൽ ഇന്ന് ഉയർന്ന താപനിലയ്ക്ക് സാധ്യത. സംസ്ഥാനത്ത് കഴിഞ്ഞ ദിവസം ഉയർന്ന അൾട്രാവയലറ്റ് സൂചികകൾ രേഖപ്പെടുത്തിയ സാഹചര്യത്തിൽ കർശന മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ദുരന്ത നിവാരണ അതോറിട്ടി നിർദ്ദേശിച്ചു. തുടർച്ചയായി കൂടുതൽ സമയം അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിൽ ഏൽക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കുമെന്നതിനാൽ പൊതുജനങ്ങൾ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണം.

*******************************

## KERALA SEA

തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നാളെ രാവിലെ 08.30 മുതൽ മറ്റന്നാൾ രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി ഉയർന്ന തിരമാലയ്ക്ക് സാധ്യതയെന്ന് മുന്നറിയിപ്പ്. കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

*****************************************

## STOCK/ GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 142 പോയിൻറ് ഉയർന്ന് 74,475 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 26 പോയിൻറ് നേട്ടത്തിൽ 22,578 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില വർദ്ധിച്ചു . പവന് 80 രൂപ ഉയർന്ന് 64,400 രൂപയും ഗ്രാമിന് 8,050 രൂപയുമാണ് ഇന്നത്തെ വില.

********************************************************************************************